# ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഒരു പരസ്യ ഏജൻസിയോ?!

**സോണി ജോൺ**

**സാ**ധാരണക്കാരന്റെ ക്രിക്കറ്റ് പ്രേമത്തെ ചൂഷണം ചെയ്തു ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഒരു വെറും പരസ്യ ഏജൻസിയായി തരംതാണിരിക്കുകയാണ് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്. ഇന്നത്തെ സാഹചര്യത്തിൽ ക്രിക്കറ്റ് മേളകളും പര്യടനങ്ങളും സംഘടിപ്പിക്കുന്നതിന് പണം ആവശ്യം തന്നെ. അതിനാവശ്യമായതിലധികം പണം ടെലിവിഷൻ അവകാശം വിൽക്കുന്നതിലൂടെയും ടിക്കറ്റ് പാർജിലൂടെയും ലഭിക്കുമ്പോൾ, രാജ്യത്തിന്റെ അഭിമാന ഭാജനങ്ങളായ ക്രിക്കറ്റ് താരങ്ങളെ രാജ്യത്തിന്റെ ജേഴ്സി അണിയുമ്പോഴെങ്കിലും പരസ്യപലകകളാക്കാതിരുന്നാൽ കൊള്ളാം.

സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ കായിക വിനോദങ്ങളെ ആരോഗ്യത്തിന് ഹാനികരമായ സിഗരറ്റുപോലെയുള്ള ഉത്പന്നങ്ങളുടെ പരസ്യപ്രചാരണത്തിനായി ഉപയോഗിക്കുന്നത് തികച്ചും വിരോധാഭാസംതന്നെ. ഇതിനെക്കുറിച്ച് ഒരഭിമുഖത്തിൽ ബി സി സി ഐ പ്രസിഡന്റ് രാജ്സിംഗ് ദുംഗാപുരിന്റെ പ്രതികരണം തികച്ചും യുക്തിക്കു നിരക്കാത്തതായിരുന്നു. ക്രിക്കറ്റും സിഗരറ്റും രണ്ടു വിപരീതതലങ്ങളിലാണെന്ന് സമ്മതിച്ച അദ്ദേഹം സിഗരറ്റു കമ്പനി തരുന്ന പൈസയുടെ വലിപ്പം ക്രിക്കറ്റിന് അത്യന്താപേക്ഷിതമാണെന്ന മുടന്തൻ ന്യായമാണ് നൽകിയത്.



മിക്കവാറും എല്ലാ ക്രിക്കറ്റു മേളകൾക്കും സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ഇക്കാലത്ത് പരസ്യത്തിൽനിന്ന് ലഭിക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കളിയുടെ നിലവാരം ഉയർത്തുന്നതിനായി, ബോർഡ് ചെയ്യുന്ന കാര്യങ്ങൾ വളരെ പരിമിതമാണ് എന്നതാണ് വാസ്തവം. മുൻ ഓസ്ട്രേലിയൻ ക്യാപ്റ്റൻ ബോബ് സിംപ്സനെ ഉപദേഷ്ടാവാക്കിയതുകൊണ്ടോ കപിൽദേവിനെ ക്രിക്കറ്റ്

പിച്ചുകളുടെ മേൽനോട്ടക്കാരനാക്കിയതുകൊണ്ടോ ഇന്ത്യൻ ടീമിന്റെ പ്രകടനം മെച്ചമാകും എന്നു കരുതുന്നതിൽ അർഥമില്ല. ഒന്നരവർഷം മുമ്പ് തുടങ്ങണമെന്ന് തീരുമാനിച്ച ദേശീയ ക്രിക്കറ്റ് അക്കാദമി ഇതുവരെയും ജന്മമെടുത്തിട്ടില്ല. അതുപോലെതന്നെ മാറാവുന്ന സാഹചര്യങ്ങൾക്കനുസരിച്ചുള്ള പരിശീലനമുറകൾ രൂപപ്പെടുത്തേണ്ടതിനും അതിനു പരിശീലകരെ സജ്ജമാക്കേണ്ടതിനും ആവശ്യമായ മുൻകൈ എടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഗവേഷണത്തിലൂന്നിയ കായികമായ സാങ്കേതിക മേൻമ കരഗതമാക്കാൻ വേണ്ട പരിപാടികൾ ആവിഷ്കരിക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്.

കോച്ചിനെയും കളിക്കാരെയും പിന്താങ്ങുന്നതിന് മികച്ച സ്പോർട്സ് ഗവേഷകരുടെ ഒരു നിരതന്നെ വിദേശ ടീമുകൾക്കുണ്ട്. ഇന്ത്യൻ ക്രിക്കറ്റിനെ ആധുനികവൽക്കരിക്കാനുള്ള പരമപ്രധാനമായ ഉത്തരവാദിത്വം ക്രിക്കറ്റ് കൺട്രോൾ ബോർഡിനുള്ളതാണ്.

മുൻ ഇന്ത്യൻ ക്യാപ്റ്റൻ മൻസൂർ അലിഖാൻ പട്ടോഡിയുടെ അഭിപ്രായത്തിൽ ഇന്ത്യ ഇക്കുറി ലോകകപ്പ് നേടുകയാണെങ്കിൽ അത് ഒരു അത്ഭുതം തന്നെയാവും. ഇന്ത്യൻ വിജയം ഒരു അദ്ഭുതമായി തീരാതെ തികച്ചും സാധ്യമായതായിതീർക്കാൻ അന്തർദേശീയ രംഗത്തുണ്ടാവുന്ന മാറ്റങ്ങൾക്കനുസരിച്ച് നമ്മളും മാറേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇന്ത്യൻ ഹോക്കിക്കും ഫുട്ബോളിനും സംഭവിച്ചതു തന്നെ ക്രിക്കറ്റിനും സംഭവിക്കും എന്നതിൽ പക്ഷാന്തരമില്ല.